ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ എൽ.ബി.എസ്. ആരംഭിച്ചിട്ടുണ്ട്.

(സി) ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അന്ത്യോദയ അന്നയോജന പദ്ധതി

127 [1254] ശ്രീ. ടി. എം. ജേക്കബ് :

„ ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ദാരിദ്യരേഖയ്ക്ക് താഴെയുള്ളവർക്ക് മൂന്ന് രൂപ വിലയ്ക്ക് അരി നൽകുന്ന പദ്ധതി എന്നാണ് ആരംഭിച്ചത് ;

(ബി) ദാരിദ്യരേഖയ്ക്ക് താഴെയുള്ളവരെ തെരഞ്ഞെടുത്തതിൽ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ;

(സി) കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ കേരളത്തിൽ അരി ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണവും ജനസംഖ്യയും തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 25-2-2001-ൽ.

(ബി) ഉണ്ട്. ഈ ആക്ഷേപം പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ സംബന്ധിച്ച് പല തലങ്ങളിലും ചർച്ചകൾ നടത്തുകയും ആദ്യപടിയായി ബി.പി.എൽ. വിഭാഗത്തിൽ അനർഹമായി ഉൾപ്പെട്ടിട്ടുള്ളവരെ കണ്ടെത്തി ഒഴിവാക്കുകയും പകരം അർഹരായവരെ ഉൾപ്പെടുത്തുന്നതുമായിരിക്കും ഉചിതമെന്നുള്ള നിഗമനത്തിലെത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള ചില മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും 5-1-2006-ലെ സ.ഉ. (സാധാ.) 4/06/ഭ.സി.സ.ഉ.ക.വ. നമ്പർ പ്രകാരം അവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. കാർഡുടമകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു സത്യപ്രസ്താവന ഫോറം തയ്യാറാക്കി എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും നൽകുകയും അവർ എഴുതി സമർപ്പിക്കുന്ന സത്യപ്രസ്താപന ഫോറം ഈ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൂന്ന് രൂപ നിരക്കിൽ അരി ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജനസംഖ്യ തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1445664 ബി.പി.എൽ. കുടുംബങ്ങളും 595800 അന്ത്യോദയ അന്നയോജന കുടുംബങ്ങളും ഉൾപ്പെടെ ആകെ 2041464 കുടുംബങ്ങൾക്കാണ് മൂന്ന് രൂപ നിരക്കിൽ അരി വിതരണം നടത്തുന്നത്.

റേഷൻ കാർഡുടമകളുടെ എണ്ണം

128 [1255] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2001, 2006 എന്നീ വർഷങ്ങളിൽ റേഷൻ കാർഡ് ഉടമകൾ എത്ര വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2001 മേയ്-ലെ ബി.പി.എൽ. കാർഡുമകളുടെ എണ്ണവും 2006 ജനുവരിയിലെ ബി.പി.എൽ. കാർഡുമകളുടെ എണ്ണവും വ്യക്തമാക്കുമോ ;

(സി) ഒരു കാർഡുടമയെ ബി.പി.എൽ./എ.പി.എൽ. ആയി വേർതിരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിലവിലുള്ള മാനദണ്ഡങ്ങളെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) അർഹരായ ലക്ഷക്കണക്കിനാളുകൾക്ക് ബി.പി.എൽ. കാർഡ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അവരുടെ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനുള്ള അപേക്ഷകൾ ആർക്കാണ് നൽകേണ്ടതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 1-1-2001-ലെ കണക്കുപ്രകാരം 6301738 റേഷൻ കാർഡ് ഉടമകളും 1-1-2006-ലെ കണക്കുപ്രകാരം 6711282 റേഷൻ കാർഡ് ഉടമകളും ഉണ്ട്.

(ബി) സംസ്ഥാനത്ത് 2001 മേയ്-ൽ എ.എ.വൈ. ഉൾപ്പെടെ 20.22 ലക്ഷം ബി.പി.എൽ. കാർഡുടമകളുണ്ടായിരുന്നു. 2006 ജനുവരിയിൽ എ.എ.വൈ. ഉൾപ്പെടെ 2041464 ബി.പി.എൽ. കാർഡുടമകളുണ്ട്.

(സി & ഡി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകളുടെ അടിസ്ഥാനത്തിൽ ഗ്രാമവികസന വകുപ്പാണ് സർവ്വേ നടത്തി ബി.പി.എൽ. കുടുംബങ്ങളെ കണ്ടെത്തുന്നതും മുൻഗണനാക്രമത്തിൽ പട്ടിക തയ്യാറാക്കുന്നതും ഈ പട്ടികയിലുൾപ്പെട്ടവരെയാണ് ബി.പി.എൽ. റേഷൻ കാർഡ് നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇങ്ങനെ റേഷൻ കാർഡ് വിതരണം ചെയ്തതിൽ അപാകത ഉള്ളതായി വളരെയധികം പരാതികൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതിനായി ചില ബി.പി.എൽ. മാനദണ്ഡങ്ങൾ സംസ്ഥാന ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് നിശ്ചയിക്കുകയും 5-1-2006-ലെ സ.ഉ. (സാധാ.) നമ്പർ 4/06/ഭ.സി.സ.ഉ.ക.വ. നമ്പരായി അവ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly